**No. CEE/1144/LLM-2021/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## എൽ.എൽ.എം കോഴ്സിലേയ്ക്കുള്ള പ്രവേശനം 2021
## അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു

2021 വർഷത്തെ എൽ.എൽ.എം കോഴ്സിലെ ഓൺലൈൻ അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള സമയം **13.09.2021** ൽ നിന്നും **16.09.2021, വൈകിട്ട് 5.00** മണി വരെയായി ദീർഘിപ്പിച്ചിരിക്കുന്നു. 2021–22 വർഷത്തെ എൽ എൽഎം കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'LLM 2021- Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അവരവരുടെ അപേക്ഷാനമ്പരും, പാസ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് തങ്ങളുടെ പ്രൊഫൈൽ പരിശോധിക്കാവുന്നതാണ്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ **2021 സെപ്തംബർ 16 വൈകുന്നേരം 5 മണി**ക്കു മുമ്പായി ലഭ്യമായ ലിങ്ക് വഴി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

സംവരണാകൂല്യം പ്രൊഫൈലിൽ അനുവദിക്കുകയും, എന്നാൽ കേരളീയനാണെന്നു തെളിയിക്കുന്ന രേഖകൾ സമർപ്പിക്കാനുള്ള മെമ്മോ പോർട്ടലിൽ ലഭിച്ചതുമായ വിദ്യാർത്ഥികൾ, മേൽപ്പറഞ്ഞ തീയതിക്കകം സാധുവായ രേഖകൾ സമർപ്പിക്കാത്ത പക്ഷം അനുവദിച്ച സംവരണം റദ്ദാകുന്നതാണ്.

സമയബന്ധിതമായി റാങ്ക് ലിസ്റ്റ്, കാറ്റഗറി ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിക്കാനുള്ളതിനാൽ അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിന് മേൽ പറഞ്ഞ തീയതിക്കു ശേഷം യാതൊരു കാരണവശാലും സമയം ദീർഘിപ്പിച്ചു നൽകുന്നതല്ല. ഇ–മെയിലോ/തപാലിലോ/നേരിട്ടോ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ സംവരണാനുകൂല്യം അനുവദിക്കുന്നതിന് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ഹെൽപ്പ് ലൈൻ നമ്പർ: 0471–2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
13 .09.2021